**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി . എ . അഹമ്മദ് കബീർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യിൽ പ്രശ്നപരിഹാരത്തിനായി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; | (എ) | ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല. കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത സംഘടനകളുമായുള്ള ചർച്ചകളിലൂടെ മാത്രമേ സേവന-വേതന വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തുവാൻ കഴിയുകയുള്ളൂ. |
| (ബി) | ജീവനക്കാരുടെ നിലവിലെ ശമ്പളം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് കാലയളവിൽ ലോക്ക് ഡൗൺ കാരണം സർവ്വീസുകൾ നിർത്തിവെക്കുകയും, തുടർന്ന് പരിമിതമായി പുനരാരംഭിക്കുകയും ചെയ്തിരുന്നു. ഇക്കാലയളവിൽ പൂർണ്ണമായും ശമ്പളവും വേതനവും സർക്കാർ സഹായത്താലാണ് നൽകി വന്നിരുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി ചെലവുകൾ കണ്ടെത്താനുള്ള സാധ്യത മാനേജ്മെന്റിന് പരിശോധിക്കാവുന്നതാണെന്നും സർക്കാർ ഗ്യാരന്റി ആവശ്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കാവുന്നതാണെന്നും കോവിഡ് മൂലമുള്ള ഇപ്പോഴുള്ള പ്രതിസന്ധി കാലഘട്ടത്തിൽ സർവ്വീസുകൾ വളരെ കുറവായതിനാൽ ആയതിനനുസൃതമായി ചെലവ് കുറവ് ചെയ്യുന്ന വിഷയത്തിലും ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിഷയത്തിലും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. |
| (സി) | ഇക്കാര്യങ്ങളിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ലോക്ക് ഡൗണിനുശേഷം സർവ്വീസുകൾ പരിമിതമായി പുനരാരംഭിച്ചപ്പോൾ സർക്കാർ നിർദ്ദേശത്തെ തുടർന്ന് ശമ്പളയിനത്തിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി അസ്ഥിര ജീവനക്കാരെ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുകയും, സർക്കാർ സിവറൻസ് പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. പൂർണ്ണമായും സർവ്വീസ് ഓപ്പറേഷൻ നടത്തിയ 2020 ജനുവരി മാസത്തിൽ 33,763 ജീവനക്കാർക്ക് ശമ്പള |

| | | | |
|---|---|---|---|
| | | | വേതന ഇനത്തിൽ 81.17 കോടി രൂപ അനുവദിച്ചത്<br>2020 ഒക്ടോബർ മാസത്തിൽ 27,709<br>ജീവനക്കാർക്ക് 75.45 കോടി രൂപയായി കുറയ്ക്കാൻ<br>സാധിച്ചിട്ടുണ്ട്. അതായത് 2020 ജനുവരി മാസത്തെ<br>അപേക്ഷിച്ച് ശമ്പള വിതരണം ചെയ്യുന്ന<br>ജീവനക്കാരുടെ എണ്ണത്തിൽ 6,054 എണ്ണം<br>ജീവനക്കാരുടെ കുറവ് വരുത്തുകയും അതുവഴി ശമ്പള<br>ചിലവിൽ 5.72 കോടി രൂപയുടെ കുറവ്<br>വരുത്തുവാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ<br>അസ്ഥിര ജീവനക്കാരെ ഒഴിവാക്കിയതു വഴി ശമ്പള<br>വേതന ചെലവുകളിൽ ഗണ്യമായ കുറവ് കൊണ്ടു<br>വരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ടിക്കറ്റേതര വരുമാനം<br>വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന<br>പദ്ധതികളായ ലോജിസ്റ്റിക്ക്സ് സർവ്വീസസ്സ്,<br>ഷോപ്പ് ഓൺ വീൽസ്, വാട്ടർ കിയോസ്ക്ക്, സ്ലീപ്പർ<br>ഇൻ ബസ്സ്, ബസ്സ് ഓൺ ഹയർ തുടങ്ങിയവ<br>ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സർവ്വീസ്<br>ഓപ്പറേഷനുമായി ബന്ധപ്പെട്ട് ആവശ്യകത<br>ഇല്ലാത്ത, കിലോമീറ്ററിന് 25/-രൂപയിൽ താഴെ<br>മാത്രം വരുമാനം ലഭിച്ചിരുന്ന ട്രിപ്പുകൾ കൃത്യമായി<br>പരിശോധനയിലൂടെ കണ്ടെത്തി പുനഃക്രമീകരിച്ചത്<br>വഴി ചിലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ മുടങ്ങി ക്കിടക്കുന്ന<br>വാണിജ്യ സമുച്ചയ പ്രോജക്ടുകൾ പൂർത്തീകരിച്ച്<br>കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം<br>വർദ്ധിപ്പിക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. രണ്ടു<br>വർഷക്കാലമായി പത്തനംതിട്ട യിൽ മുടങ്ങി കിടന്ന<br>ഷോപ്പിംഗ് ക്ലോംപ്ലക്സിന്റെ പണി ഇപ്പോൾ<br>പുനരാരംഭിച്ചിട്ടുണ്ട്. ജനുവരി മുതൽ വാടക ലഭ്യമായി<br>തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. വാണിജ്യ<br>സമുച്ഛയങ്ങളിലെ കടമുറികളിൽ നിന്നും ലഭിക്കുന്ന<br>വാടക വായ്പ തിരിച്ചടവിനായി<br>ഉപയോഗപ്പെടുത്താനും കെ.എസ്.ആർ.ടി.സി.യുടെ<br>വരുമാനത്തിലേക്ക് മുതൽക്കൂട്ടാനുമാകും. |

സെക്ഷൻ ഓഫീസർ